**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 245** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവ് തടയുവാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. കുഞ്ഞികൃഷ്ണൻ

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. വിഷ്ണു മോഹൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** അടിക്കടിയുണ്ടാകുന്ന ഇന്ധന വിലക്കയറ്റം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ ദോഷകരമായി ബാധിക്കും എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്. ഭക്ഷ്യധാന്യങ്ങൾക്കും മറ്റ് അവശ്യവസ്തുക്കൾക്കും വേണ്ടി ഉൽപാദക സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന ഒരു ഉപഭോക്തൃസംസ്ഥാനമാണ് കേരളം. ഡീസലിനും പെട്രോളിനും ഉണ്ടാകുന്ന അടിക്കടിയുള്ള വിലവർദ്ധന ഗതാഗതച്ചെലവ് വലിയ തോതിൽ ഉയർത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ രാജ്യത്ത് ഏറ്റവും ഉയർന്ന വിലകൾ ഉണ്ടാകാൻ സാധ്യത കേരളത്തിലാണ്. ഇന്ധനവില വർധനവ്, ഉൽപ്പാദക സംസ്ഥാനങ്ങളിലെ വരൾച്ച, പ്രളയം, വിളനാശം, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് തുടങ്ങിയ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ഉണ്ടാകാറുണ്ട്.

**(ബി)** നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവ് തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിലക്കയറ്റം ഫലപ്രദമായി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, വിപണി ഇടപെടൽ നടത്തുന്നതിന്, 315 കോടി രൂപ സപ്ലൈകോയ്ക്ക് ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 13 ഇനം അവശ്യസാധനങ്ങൾ 20%-35% വരെ വിലക്കുറവിൽ വിതരണം ചെയ്ത് പ്രതിമാസം 30 ലക്ഷത്തോളം കുടുംബങ്ങൾക്ക് പ്രയോജനം ലഭ്യമാക്കുന്നു. കൂടാതെ 41 ഇനം സാധനങ്ങൾ 10%-30% വരെ വിലക്കുറവിൽ (FSSR നിരക്കിൽ) റേഷൻ കാർഡ് ഇല്ലാതെയും ലഭ്യമാക്കുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും ആകർഷിക്കുന്ന രീതിയിൽ സപ്ലൈകോ വിൽപനശാലകൾ നവീകരിക്കും. ഈ വർഷം 100 സപ്ലൈകോ വിൽപനശാലകൾ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നു. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ കർശന പരിശോധനകൾക്ക് ശേഷം പൊതുവിപണിയേക്കാൾ 20% മുതൽ 30% വരെ വിലക്കുറവിൽ വിറ്റുവരുന്നു. 'ശബരി' ബ്രാൻഡിൽ കൂടുതൽ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സപ്ലൈകോയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ERP, e-Office സംവിധാനങ്ങൾ നടപ്പിലാക്കുകയും ശക്തിപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. സപ്ലൈകോ മെഡിക്കൽ ഷോപ്പുകൾ വഴി ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ കുറഞ്ഞ വിലയിൽ വിതരണം ചെയ്യുന്നു. ഇൻസുലിൻ MRP യിൽ നിന്ന് 20% മുതൽ 24% വരെ വിലക്കുറവിലും മറ്റു

മരുന്നുകൾ MRP യിൽ നിന്ന് 13% മുതൽ 25% വരെ വിലക്കുറവിലും വിൽപ്പന നടത്തിവരുന്നു. ഓരോ പ്രദേശത്തേയും ആവശ്യകത കണക്കിലെടുത്ത് കൂടുതൽ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന 1,622 വിൽപനശാലകളും, തീരദേശ/മലയോര/ആദിവാസി മേഖലകളിൽ സേവനം എത്തിക്കുന്നതിനായി 16 മൊബൈൽ സൂപ്പർ മാർക്കറ്റുകളും/മാവേലി സ്റ്റോറുകളും വഴി കാര്യക്ഷമമായ വിതരണം ഉറപ്പുവരുത്തുന്നുണ്ട്.

പച്ചക്കറിയും ഭക്ഷ്യധാന്യങ്ങളും ഉൾപ്പെടെയുള്ളവയുടെ വില വർദ്ധനവ് തടയുന്നതിനായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് ജില്ല/താലൂക്ക് തലങ്ങളിൽ പൊതു വിപണിയിൽ പതിവായി പരിശോധന നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കും. ഉത്സവ സീസണുകളിൽ പൊതുവിതരണ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ എന്നീ വകുപ്പുകളുടെ സംയുക്ത സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്തും. വകുപ്പുതല സ്ക്വാഡുകളുടെ നേതൃത്വത്തിൽ വിപണിയിൽ പരിശോധന നടത്തി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കും. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി ഒരു സംസ്ഥാനതല കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ജില്ല കളക്ടർ, പൊതുവിതരണ ഉപഭോക്തൃകാര്യ, കൃഷി വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗം ചേർന്ന് വിപണി സാഹചര്യം വിലയിരുത്തുകയും റിപ്പോർട്ട് ഭക്ഷ്യ പൊതുവിതരണ വകുപ്പ് കമ്മീഷണർ മുഖേന കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും ചെയ്തു വരുന്നു. കൂടാതെ അവശ്യവസ്തുക്കളുടെ വില നിരീക്ഷണത്തിനും, വില ശേഖരണത്തിനും വേണ്ടി ഒരു 'Price Monitoring Cell' സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വിപണി ഇടപെടലുമായി ബന്ധപ്പെട്ട സർക്കാരിന്റെ നയ രൂപീകരണത്തിനായി 14 ജില്ലകളിൽ നിന്നും വിപണി വില ശേഖരിച്ച് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സഹായത്തോടെ സർക്കാരിന് ശുപാർശകൾ സമർപ്പിക്കുന്നു.

**(സി)** ഇടനിലക്കാരെ ഒഴിവാക്കി ഉൽപ്പാദക സംസ്ഥാനങ്ങളിൽ നിന്നും നിത്യോപയോഗ സാധനങ്ങൾ നേരിട്ടെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഇടനിലക്കാരെ ഒഴിവാക്കി ഉൽപ്പാദക സംസ്ഥാനങ്ങളിൽ നിന്നും നിത്യോപയോഗ സാധനങ്ങൾ നേരിട്ടെത്തിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**